14015
9/10/19

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടത്തിപ്പ് - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.92/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 17.09.2019.

================================================================

പരാമർശം : 1. സ.ഉ.(സാധാ)നം.118/2018/പി.വി.വി.വ, തീയതി 07.12.2018.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 10.07.2019-ലെ ബി.സി.ഡി.ഐ.ആർ-എ 2/157/2019 നമ്പർ കത്ത്.

**ഉത്തരവ്**

കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും ഏകീകൃത സ്വഭാവത്തോടെ നടപ്പാക്കുന്നതിനും താഴെപറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **കോളനി / സങ്കേതം ഉൾപ്പെടുത്തുന്നതിനുള്ള അർഹത**

എ). കുറഞ്ഞത് 15 മൺപാത്ര നിർമ്മാണ സമുദായ കുടുംബങ്ങൾ എങ്കിലും ഉൾപ്പെട്ട സങ്കേതം ആയിരിക്കണം.

ബി). 50% കുടുംബങ്ങളെങ്കിലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർ ആയിരിക്കണം. കൂടുതൽ കുടുംബങ്ങളും ജനസംഖ്യയും ഉള്ള കോളനി/ സങ്കേതങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

സി). കൂടുതൽ നിർമ്മാണ പ്രവൃത്തികൾ ആവശ്യമായ കോളനികൾക്ക് മുൻഗണന.

ഡി). നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുവായ സ്ഥലം ലഭ്യമായ സങ്കേതം.

2. **നവീകരണ പ്രവർത്തനങ്ങൾ**

കോളനി / സങ്കേതത്തിലെ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകേണ്ടത്.

1. പൊതുവായ വർക്ക്ഷെഡ്
2. പൊതുവായ മണ്ണരക്കുന്ന യന്ത്രം
3. പൊതു ചൂള
4. പൊതു മാർക്കറ്റ്
5. മൊബൈൽ വിപണന യൂണിറ്റ്

(.....2)

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം
7. കമ്മ്യൂണിറ്റി ഹാൾ
8. ഗ്രന്ഥശാല

ഇവ കൂടാതെ കോളനിയിലേക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവയ്ക്കും തുക അനുവദിക്കാവുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

### 3. അനുവദിക്കുന്ന പരമാവധി തുക

ഒരു കോളനിക്ക്/സങ്കേതത്തിന് പരമാവധി സർക്കാർ ധനസഹായം ഒരു കോടി രൂപയിൽ നിജപ്പെടുത്തേണ്ടതാണ്.

### 4. കോളനി / സങ്കേതങ്ങളുടെ അപേക്ഷ

ടി പദ്ധതി സംബന്ധിച്ച് മാധ്യമങ്ങളിലൂടെ വ്യാപകമായ അറിയിപ്പ് നൽകി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം തദ്ദേശ ഭരണ സ്ഥാപനം ചുവടെ രേഖപ്പെടുത്തുന്ന പ്രമാണങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. സങ്കേതത്തിലെ കുടുംബങ്ങളുടെ പട്ടികയും ജാതി സംബന്ധിച്ച വിവരങ്ങളും (കുടുംബനാഥന്റെ പേരും വിലാസവും ജാതിയും രേഖപ്പെടുത്തിയാൽ മതിയാകും)
2. ടി സങ്കേതത്തിൽ ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനവും സെക്രട്ടറിയുടെ ശിപാർശ കത്തും.

ഇവ അറിയിപ്പിൽ രേഖപ്പെടുത്തുന്ന അവസാന തീയതിക്ക് മുൻപ് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

### 5. കോളനി / സങ്കേതം തെരഞ്ഞെടുപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി, ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരടങ്ങുന്ന സമിതി പരിശോധിച്ച് ശിപാർശ ചെയ്യുകയും അന്തിമ ഗുണഭോക്തൃ കോളനിയെ സർക്കാർ തിരഞ്ഞെടുക്കുന്നതുമാണ്.

### 6. പദ്ധതി നടത്തിപ്പ്

കോളനി / സങ്കേത നവീകരണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിലവിലെ നിർമ്മാണ ചട്ടങ്ങൾക്കനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം ഇതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പുമായി നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

(.....3)

**7. പദ്ധതി തുക കൈമാറൽ**

തദ്ദേശ ഭരണ സ്ഥാപനം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകി നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് ചട്ടപ്രകാരം നിയമാനുസൃത മുൻകൂർ തുക അനുവദിക്കുന്നതും അസ്സൽ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് തുക ബന്ധപ്പെട്ടവർക്ക് നൽകേണ്ടതു മാണ്. പൊതുമരാമത്ത് ചട്ടങ്ങൾക്കനുസരിച്ച് മാത്രമേ തുക അനുവദിക്കാവൂ.

**8. പദ്ധതി മോണിറ്ററിംഗ്**

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവ രടങ്ങുന്ന സമിതി പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.